ഡോ. രമണി ഗോപാലകൃഷ്ണൻ

## കേരയശസിനു വഴിതെളിക്കാൻ കേരകൃഷി പുനരുദ്ധരിക്കാം

# തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി

കേരളത്തിലെ കേരകൃഷിക്ക് നാളിതുവരെ ലഭിച്ചതിൽ വച്ച് ഏറ്റവും പ്രാധാന്യമേറിയ പദ്ധതിയാണ് തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ ജില്ലകളിൽ നടപ്പാക്കി വന്നിരുന്ന പദ്ധതി ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്നു.

പൈലറ്റ് പദ്ധതിയൊഴികെയുള്ള ജില്ലകളിൽ വച്ച് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ ജില്ലകൾ രോഗാവസ്ഥ ഏറ്റവുമധികം ബാധിച്ചിട്ടുള്ള ഹോട്ട് സ്പോട്ട് (Hot spot) എന്ന് വിശേഷിപ്പിക്കാവുന്ന ജില്ലകളാണ്. അതായത് കാറ്റുവീഴ്ച രോഗത്തിന്റെ കാഠിന്യം മൂർദ്ധന്യാവസ്ഥയിൽ നിൽക്കുന്ന പ്രദേശങ്ങളാണിവ. ഈ ജില്ലകളിൽ അടിയന്തിരമായി പദ്ധതി നടപ്പിലാക്കിക്കൊണ്ട്, ഇവിടുത്തെ രോഗം ബാധിച്ച് തീരെ ഉത്പാദനശേഷിയില്ലാതെ നിൽക്കുന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം നല്ലയിനം തെങ്ങിൻ തൈകൾ വിശിഷ്യ, കുറിയ ഇനങ്ങളും സങ്കര ഇനങ്ങളും വച്ചുപിടിപ്പിച്ചു നിലവിലുള്ള തെങ്ങുകളെ പുനരുദ്ധരിച്ചെടുക്കാനും കേരരംഗത്തെ നവീകരിച്ചെടുക്കുവാനും ലക്ഷ്യമിടുന്നു.



പൈലറ്റ് പദ്ധതി നടത്തിപ്പിൽ ചില ചെറിയ മാറ്റങ്ങളോടെയാണ് ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഒരു ഹെക്ടറിൽ നിന്ന് 32 തെങ്ങുകൾ മുറിച്ചു മാറ്റുമ്പോൾ 13,000 രൂപയാണ് കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്നത്. ഇതിൽ ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ വീതവും തുടർന്നുള്ള 12 തെങ്ങുകൾക്ക് 250 രൂപ വീതവും, ആകെ 13,000 രൂപയായി തെങ്ങു വെട്ടുന്നതിനുള്ള സബ്സിഡി തുക നിജപ്പെടുത്തിയിരുന്നു. അതായത് ഒരു തെങ്ങുവെട്ടിമാറ്റുന്നതിന് 1,000 രൂപ ചെലവാകുമെന്ന് കണക്കാക്കുകയും അതിന്റെ 50 ശതമാനം തുകയായ 500 രൂപ കർഷകന് സബ്സിഡിയായി നൽകുകയുമാണ് ചെയ്തത്. ഈ പദ്ധതിഘടകം ഇതേ രീതിയിൽ തന്നെ പുതിയ ജില്ലകളിൽ തുടരാനാണ് ഉദ്ദേശിക്കുന്നത്.

ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുന്നതിന് നിലവിലുള്ള, ഹെക്ടറിന് 15,000 രൂപ എന്നത് വർദ്ധിപ്പിച്ച് 17,500 രൂപ വീതം നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. അതായത് രണ്ട് വർഷം കൊണ്ട് 15,000 രൂപ നൽകിയിരുന്ന സ്ഥാനത്ത് 2,500 രൂപ വർദ്ധിപ്പിച്ച് 17,500 രൂപ നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി കാത്തിരിക്കുകയാണ്. ഇത് ലഭിച്ചാൽ കർഷകർക്ക് വലിയ ആശ്വാസമാകും.

പകരം തെങ്ങിൻ തൈ വയ്ക്കാൻ 20 രൂപ എന്ന നിലവിലെ സബ്സിഡി 40 രൂപയാക്കി വർദ്ധിപ്പിക്കാനും ആലോചനയുണ്ട്. ഈ മാറ്റങ്ങൾക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചാലുടൻ തന്നെ പദ്ധതി നടത്തിപ്പ് ദ്രുതഗതിയിൽ ആരംഭിക്കും.

നാല് ഹോട്ട് സ്പോട്ട് ജില്ലകളിലായി 47 ബ്ലോക്ക് പഞ്ചായത്തുകളും 311 ഗ്രാമപഞ്ചായത്തുകളുമാണ് ഉള്ളത്. പൈലറ്റ് പദ്ധതിയിൽ നടപ്പിലാക്കിയതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൃഷിഭവനുകളുടേയും നിസ്സീമമായ സഹകരണം ഉണ്ടെങ്കിൽ മാത്രമേ പദ്ധതി നടത്തിപ്പ് വിജയിക്കുകയുള്ളൂ.

പദ്ധതി നടത്തിപ്പിന്റെ ആദ്യപടിയായി കൃഷിയിടം തോറും നടത്തുന്ന അടിസ്ഥാന വിവരശേഖരണ സർവ്വേ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. ഈ സർവ്വേയിൽ ഓരോ കൃഷിയിടത്തിലേയും തെങ്ങുകളുടെ എണ്ണം, രോഗം ബാധിച്ച, മുറിച്ചുമാറ്റേണ്ട തെങ്ങുകളുടെ എണ്ണം, തൈത്തെങ്ങുകളുടെ എണ്ണം, മറ്റു വൃക്ഷങ്ങളുടെ എണ്ണം, തെങ്ങിന്റെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവയെല്ലാം രേഖപ്പെടുത്തേണ്ടതുണ്ട്. ഇതു പ്രകാരമായിരിക്കും വെട്ടിമാറ്റേണ്ട തെങ്ങുകളുടെ എണ്ണം നിജപ്പെടുത്തുക. ഈ വിവരങ്ങൾ അടിസ്ഥാന രേഖയാക്കി, ഓരോ പഞ്ചായത്തിലും വാർഡുകൾ തോറും ക്ലസ്റ്ററുകൾ രൂപീകരിച്ച് ക്ലസ്റ്റർ കൺവീനർമാരേയും ലീഡർമാരേയും തെരഞ്ഞെടുത്തുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

തെങ്ങ് മുറിച്ചുമാറ്റുന്നതിനും പകരം തൈ വച്ച് പിടിപ്പിക്കുന്നതിനും ശേഷിക്കുന്ന തെങ്ങുകൾക്ക് വളമിടുന്നതിനും 1934 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ തത്വത്തിലുള്ള അനുമതി ബോർഡിന് ലഭിച്ചു കഴിഞ്ഞു. വിശദമായ പദ്ധതിയ്ക്കുള്ള അനുമതിയാണ് ഇനി ലഭിക്കേണ്ടത്. തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി വ്യാപിപ്പിച്ച് മൂന്നു വർഷത്തിനകം നമ്മുടെ സംസ്ഥാനത്തെ കാറ്റു വീഴ്ച രോഗത്തിന്റെ കെടുതിയിൽ നിന്ന് രക്ഷിക്കുവാൻ സാധിക്കുമെന്നാണ് പ്രത്യാശ.

നാളികേര വികസനബോർഡ് ഡപ്യൂട്ടി ഡയറക്ടറാണ് ലേഖിക.

ഫോൺ: 9447096553